**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6191** **09-07-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽവെ പാതയുടെ ഡി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ചരക്കു നീക്കത്തിനുള്ള റെയിൽ പാതയുടെ ഡി.പി.ആർ. പ്രകാരം എത്ര കോടി രൂപയാണ് റെയിൽവെ പാത നിർമ്മാണത്തിന് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ; റെയിൽവെ പാത നിർമ്മാണത്തിനുള്ള തുക സംസ്ഥാന സർക്കാരാണോ വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | 15/05/2024-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മറ്റി (PIC), വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള ഭൂഗർഭ റെയിൽ പാതയുടെ DPR അംഗീകാരം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മൊത്തം അടങ്കൽ തുക 1202.63 കോടി രൂപയായി കണക്കാക്കി യിരിക്കുന്നു (2023 നിരക്കിൽ). കൂടാതെ, രണ്ട് വയഡക്ടുകളും നിർമ്മിക്കേണ്ടതുണ്ട്. ഒരെണ്ണം ഔട്ടർ റിംഗ് റോഡിലും മറ്റൊരെണ്ണം ബീച്ച് സൈഡിലുമാണ്. ഇവയ്ക്കായി ഏകദേശം 124.24 കോടി രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. റെയിൽ കണക്ടിവിറ്റിക്കാ യുള്ള ആകെ അടങ്കൽ തുക 1326.87 കോടി രൂപ എന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖത്തിലേക്കുള്ള റെയിൽപ്പാതയുടെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഇതിനുള്ള തുക വിനിയോഗിക്കുന്നത് സംസ്ഥാന സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ സ്കീമുകളായ സാഗർമാല, ഗതിശക്തി, റെയിൽസാഗർ, ക്യാപിറ്റൽ അസിസ്റ്റൻസ് സ്കീമുകളിൽ നിന്നും റെയിൽ കണക്ടിവിറ്റിക്കായി ഫണ്ട് ലഭ്യമാക്കാനാകുമോ എന്ന് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ